**ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കിന്റെ ഇന്ത്യയിലേക്കുള്ള ഔദ്യോഗിക സന്ദർശനം (05-06 ഡിസംബർ, 2024) സംബന്ധിച്ചുള്ള സംയുക്ത പ്രസ്താവന**

ഡിസംബർ 05, 2024

ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കും ഭൂട്ടാൻ രാജ്ഞി ജെറ്റ്സൺ പെമ വാങ്ചുക്കും 2024 ഡിസംബർ 05-06 വരെ ഇന്ത്യയിൽ ഒരു ഔദ്യോഗിക സന്ദർശനത്തിലാണ്. ഊർജ-പ്രകൃതിവിഭവശേഷി മന്ത്രി ശ്രീ. ജെം ഷെറിംഗ്, ഭൂട്ടാൻ റോയൽ ഗവൺമെന്റിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ അവരെ അനുഗമിക്കും.

2. സന്ദർശന വേളയിൽ, ഭൂട്ടാൻ രാജാവും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ഉഭയകക്ഷി സഹകരണത്തിലെ മുഴുവൻ വിഷയങ്ങളും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും ഉൾക്കൊള്ളുന്ന ചർച്ചകൾ നടത്തി. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറും മുതിർന്ന ഉദ്യോഗസ്ഥരും ഭൂട്ടാൻ രാജാവിനെ സന്ദർശിച്ചു.

3. എല്ലാ തലങ്ങളിലും പരസ്പര ധാരണ, വിശ്വാസം, അസാധാരണമായ സഹകരണം എന്നിവയാൽ സവിശേഷമായ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും അതുല്യ ബന്ധം ഇന്ത്യയും ഭൂട്ടാനും പങ്കിടുന്നു. ദൃഢമായ സൗഹൃദ ഭാവത്തിലാണ് ഉഭയകക്ഷി ചർച്ചകൾ നടന്നത്, ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന ശക്തവും ഐതിഹാസികവുമായ ബന്ധങ്ങളും സന്നദ്ധതയും പരസ്പര ധാരണയും ഇതിൽ പ്രതിഫലിച്ചു.

4. 2024 മാർച്ചിലെ തങ്ങളുടെ അവസാന കൂടിക്കാഴ്ചയ്ക്ക് ശേഷം ഉണ്ടായ സുപ്രധാന പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തുകയും വിവിധ സഹകരണ മേഖലകളെ ഉൾക്കൊള്ളുന്ന പതിവ് ഉന്നതതല സന്ദർശനങ്ങളെയും കൂടിയാലോചനകളെയും സ്വാഗതം ചെയ്യുകയും ചെയ്തു. വ്യാപാരം, സാമ്പത്തിക ബന്ധം, അടിസ്ഥാന സൗകര്യം, ഊർജം, നൈപുണ്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരിക പൈതൃകം, ശേഷി വികസനം, കായികം, യൂത്ത് എക്സ്ചേഞ്ചുകൾ, ഡിജിറ്റൽ സമ്പദ് വ്യവസ്ഥ, ഇ-മൊബിലിറ്റി, ബഹിരാകാശ സാങ്കേതികവിദ്യ, പരിസ്ഥിതി സംരക്ഷണം,

ജനങ്ങളുമായുള്ള സമ്പർക്കം തുടങ്ങിയ മേഖലകളിൽ ഉൾപ്പെടെ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്ത വിപുലീകരണം അവർ നല്ല രീതിയിൽ വിലയിരുത്തി.

5. ഉഭയകക്ഷി ബന്ധം മെച്ചപ്പെട്ടതിൽ രാജാവും ഇന്ത്യൻ പ്രധാനമന്ത്രിയും സംതൃപ്തി പ്രകടിപ്പിക്കുകയും ഈ മാതൃകാപരമായ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള തങ്ങളുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയും ചെയ്തു. ഭൂട്ടാന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് ഇന്ത്യാ സർക്കാർ നൽകുന്ന വിലമതിക്കാനാകാത്ത പിന്തുണയെ രാജാവ് അഭിനന്ദിച്ചു.

6. ഭൂട്ടാനുമായി സുസ്ഥിരമായ ബന്ധത്തിനും സഹകരണത്തിനുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി ആവർത്തിച്ച് സ്ഥിരീകരിച്ചു, റോയൽ ഗവൺമെന്റിന്റെ മുൻഗണനകളെ അടിസ്ഥാനമാക്കി ഭൂട്ടാനിലെ സാമൂഹിക-സാമ്പത്തിക വികസനത്തിന് തുടർന്നും പൂർണ പിന്തുണ നൽകുകയും ചെയ്തു.

7. 13-ാം പഞ്ചവത്സര പദ്ധതി (2024-29) പ്രകാരം ഭൂട്ടാന്റെ വികസനത്തിനുള്ള പിന്തുണ വർധിപ്പിച്ചതിനും RGoB-യുടെ ഇക്കണോമിക് സ്റ്റിമുലസ് പ്രോഗ്രാമിനുള്ള ഇന്ത്യയുടെ പിന്തുണയ്ക്കും ഭൂട്ടാൻ പക്ഷം GoI-ക്ക് നന്ദി പറഞ്ഞു.

8. ഗെലെഫു മൈൻഡ്ഫുൾനെസ് സിറ്റി സ്പെഷ്യൽ അഡ്മിനിസ്ട്രേറ്റീവ് റീജിയണിനായുള്ള തന്റെ കാഴ്ചപ്പാട് നടപ്പിലാക്കുന്നതിലെ പുരോഗതി അദ്ദേഹം പ്രധാനമന്ത്രിയുമായി പങ്കുവെച്ചു, ഇരുപക്ഷത്തെയും ജനങ്ങളുടെയും ദേശത്തിന്റെയും പുരോഗതിക്കായി പദ്ധതിയിൽ ഇന്ത്യയ്ക്കും ഭൂട്ടാനും എങ്ങനെ ഒരുമിച്ച് പ്രവർത്തിക്കാനാകും എന്നതും പങ്കിട്ടു. ഭൂട്ടാനിലും അതിർത്തി പ്രദേശങ്ങളിലും സമൃദ്ധിയും ക്ഷേമവും കൊണ്ടുവരികയും ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക, നിക്ഷേപ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഗെലെഫു മൈൻഡ്ഫുൾനസ് സിറ്റി പദ്ധതിക്ക് ഇന്ത്യയുടെ തുടർന്നുള്ള പിന്തുണയും പ്രധാനമന്ത്രി അദ്ദേഹത്തിന് ഉറപ്പുനൽകി.

9. ക്ലീൻ എനർജി സഹകരണം ഇന്ത്യ-ഭൂട്ടാൻ ഉഭയകക്ഷി പങ്കാളിത്തത്തിന്റെ ഒരു പ്രധാന ഉദാഹരണമാണ്. 2024 മാർച്ചിൽ പ്രധാനമന്ത്രി മോദിയുടെ ഭൂട്ടാൻ സന്ദർശന വേളയിൽ പുറത്തിറക്കിയ ഇന്ത്യ-ഭൂട്ടാൻ ഊർജ പങ്കാളിത്തത്തെക്കുറിച്ചുള്ള ജോയിന്റ്വിഷൻ പ്രസ്താവനയിൽ വിശദീകരിച്ചതുപോലെ പ്രയോജനപ്രദമായ പരസ്പര സഹകരണം ശക്തിപ്പെടുത്താനുള്ള തങ്ങളുടെ പ്രതിബദ്ധത ആവർത്തിച്ച് വ്യക്തമാക്കി, ഇന്ത്യൻ ഫൈനാൻസിംഗ്, ഊർജ വിപണികളിലേക്കുള്ള പ്രവേശനം വഴി ഇന്ത്യൻ, ഭൂട്ടാൻ സ്ഥാപനങ്ങൾ തമ്മിലുള്ള ജലവൈദ്യുത ഇതര പുനരുപയോഗ ഊർജം ഉൾപ്പെടെ ഊർജ മേഖലയിലെ തന്ത്രപരമായ പങ്കാളിത്തത്തിലെ സമീപകാല പുരോഗതി നേതാക്കൾ അവലോകനം ചെയ്തു.

10. 1020 മെഗാവാട്ട് ശേഷിയുള്ള പുനത്ഷാങ്ചു-II ജലവൈദ്യുത പദ്ധതി പൂർത്തിയാകുന്നതിൽ അവർ സംതൃപ്തി പ്രകടിപ്പിച്ചു, ഇത് സമീപഭാവിയിൽ കമ്മീഷൻ ചെയ്യുന്നതിനായി കാത്തിരിക്കുകയാണ്. പുനത്ഷാങ്ചു-I ഹൈഡ്രോ പവർ പ്രൊജക്ടിന്റെ നേരത്തെയുള്ള പൂർത്തീകരണത്തിന്റെ ആവശ്യകത നേതാക്കൾ അംഗീകരിച്ചു. ജലവൈദ്യുത മേഖലയിലെ സഹകരണത്തിന്റെ പ്രാധാന്യവും റിസർവോയർ ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾക്കുള്ള നടപടിക്രമങ്ങൾ അടിയന്തരമായി അന്തിമമാക്കുന്നതുൾപ്പെടെ അത് മുന്നോട്ട് കൊണ്ടുപോകാനുള്ള തങ്ങളുടെ പ്രതിബദ്ധതയും ഇരുപക്ഷവും ആവർത്തിച്ചു.

11. കിഴക്കൻ ഭൂട്ടാനിലും അസമിന്റെ സമീപ അതിർത്തി പ്രദേശങ്ങളിലും വിനോദസഞ്ചാരവും സാമ്പത്തിക പ്രവർത്തനവും ഉത്തേജിപ്പിക്കാൻ കഴിയുന്ന സംയോജിത ചെക്ക് പോസ്റ്റ് അസമിലെ ദരംഗയിൽ തുറന്നതിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തി.

12. അതിർത്തി കടന്നുള്ള കണക്റ്റിവിറ്റി, ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റുകൾ തുടങ്ങിയ മുൻകാല മീറ്റിംഗുകളിൽ അംഗീകരിച്ച നിരവധി സംരംഭങ്ങൾ ക്രമാനുഗതമായി പുരോഗമിക്കുന്നുണ്ടെന്നതിലും അവർ സംതൃപ്തി അറിയിച്ചു, ഇതിൽ രണ്ട് ക്രോസ് ബോർഡർ റെയിൽ ലിങ്കുകൾ സ്ഥാപിക്കുന്നതും ഡിജിറ്റൽ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതും ഉൾപ്പെടുന്നു. ഉഭയകക്ഷി

വ്യാപാരവും വാണിജ്യവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അടുത്തിടെ എടുത്ത തീരുമാനങ്ങൾ ഇരുപക്ഷവും ചൂണ്ടിക്കാട്ടി.

13. ബഹിരാകാശ മേഖലയിൽ, പ്രത്യേകിച്ച് സഹകരണത്തിനായുള്ള സംയുക്ത പ്രവർത്തന പദ്ധതി നടപ്പിലാക്കുന്നതിൽ കൈവരിച്ച പുരോഗതിയെ നേതാക്കൾ സ്വാഗതം ചെയ്യുകയും STEM വിഭാഗങ്ങളിൽ ഊന്നൽ നൽകി വിദ്യാഭ്യാസ മേഖലയിലുണ്ടായ സഹകരണം വർദ്ധിച്ചതിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

14. ഭൂട്ടാൻ രാജാവിന്റെ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള പതിവ് ഉന്നതതല വിനിമയത്തിന്റെ ദീർഘകാല പാരമ്പര്യത്തെ ശക്തിപ്പെടുത്തി. ഇരു രാജ്യങ്ങൾക്കും ഉഭയകക്ഷി സഹകരണത്തിന്റെ സമഗ്രത അവലോകനം ചെയ്യാനും ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം മെച്ചപ്പെടുത്താനും ഭൂട്ടാൻ രാജാവിന്റെ സന്ദർശനം അവസരമൊരുക്കി.

**ന്യൂഡൽഹി**

**ഡിസംബർ 05, 2024**